## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1496** — **11/06/2019 ൽ മറുപടിക്ക്**

### കശുവണ്ടിയുടെ ഇറക്കുമതിയും ആഭ്യന്തര വിപണിയും

| ചോദ്യം<br>ശ്രീ.എ.പി. അനിൽ കുമാർ | | ഉത്തരം<br>ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അനധികൃത മാർഗ്ഗത്തിലൂടെ വിദേശത്ത് നിന്നും നിലവാരം കുറഞ്ഞ കശുവണ്ടിപരിപ്പ് വൻതോതിൽ ഇറക്കുമതി ചെയ്യുന്നത് ഇവിടെ ഉല്പാദിപ്പിക്കുന്ന കശുവണ്ടിപ്പരിപ്പിന്റെ ആഭ്യന്തര വിപണിയെ ദോഷകരമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തേയ്ക്ക് വിയറ്റ്നാം മറ്റ് ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും സ്പെഷ്യൽ ഇക്കണോമിക്സ് സോൺ വഴി കുറഞ്ഞ നിലവാരത്തിലുള്ള കശുവണ്ടി പരിപ്പ് ഇറക്കുമതി ചെയ്ത് കേരളത്തിലെ നല്ല കശുവണ്ടി പരിപ്പുമായി കൂട്ടി കലർത്തി ഇന്ത്യൻ പരിപ്പായി വീണ്ടും കയറ്റുമതി ചെയ്യുന്ന രീതിയും ആഭ്യന്തര മാർക്കറ്റിൽ വിറ്റഴിക്കുന്ന പ്രവണതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കശുവണ്ടി പരിപ്പ് ഇറക്കുമതി ആഭ്യന്തര വിപണിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഇവിടെ ഉല്പ്പാദിപ്പിക്കുന്ന പരിപ്പിന്റെ വില കുറയുവാൻ ഇത് കാരണമായിട്ടുണ്ട്. |
| (ബി) | ഇറക്കുമതി ചെയ്യുന്ന കശുവണ്ടി പരിപ്പിന്മേൽ നിലവിലുള്ള മിനിമം ഇൻപുട്ട് പ്രൈസ് വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര കൃഷി മന്ത്രാലയത്തോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള പ്രതികരണം എന്താണെന്ന് അറിയിക്കാമോ? | (ബി) | ഇക്കാര്യം കാഷ്യു ബോർഡുവഴി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. കേന്ദ്രസർക്കാരിൽ നിന്നും പ്രതികരണമൊന്നും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ